**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3307** **13-07-2022 - ൽ മറുപടിയ്ക്ക്**

**കൊടുവള്ളി മിനി സിവിൽ സ്റ്റേഷനിലെ സബ് രജിസ്ട്രാർ ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കൊടുവള്ളി മിനി സിവിൽ സ്റ്റേഷനിൽ സബ് രജിസ്ട്രാർ ഓഫീസ് മൂന്നാം നിലയിൽ പ്രവർത്തിക്കുന്നത് മൂലം ജനങ്ങൾ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സിവിൽ സ്റ്റേഷൻ നിർമ്മാണ പ്ലാനിൽ സബ് രജിസ്ട്രാർ ഓഫീസും ട്രഷറിയും താഴെ നിലയിലാണ് വിഭാവനം ചെയ്തിരുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) | കൊടുവള്ളി മിനി സിവിൽ സ്റ്റേഷനിൽ ഓഫീസുകൾക്കു സ്ഥലം അനുവദിക്കുന്നതുമായി ബന്ധപ്പെട്ടു ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ നടന്നിട്ടുള്ള എസ്റ്റേറ്റ് കമ്മിറ്റി യോഗത്തിൽ സബ് രജിസ്ട്രാർ ഓഫീസ് ഒന്നാം നിലയിൽ പ്രവർത്തിക്കുന്നതിനാണ് തീരുമാനിച്ചിരുന്നത്. എന്നാൽ സിവിൽ സ്റ്റേഷൻ നിർമ്മാണ പ്ലാനിൽ സബ് രജിസ്ട്രാർ ഓഫീസ് രണ്ടാം നിലയിൽ വിഭാവനം ചെയ്തിട്ടുള്ളതായി പൊതുമരാമത്ത് വകുപ്പ്, ജില്ലാ കളക്ടറെ അറിയിക്കുകയുണ്ടായി. |
| (സി) | നിർമ്മാണ സമയത്ത് അംഗീകരിച്ച പ്ലാനിന് വിരുദ്ധമായി നടത്തിയ ക്രമീകരണങ്ങൾ റദ്ദാക്കി സബ് രജിസ്ട്രാർ ഓഫീസ് താഴെ നിലയിലേക്ക് കൊണ്ടുവരാൻ നിർദ്ദേശം നൽകാമോ? | (സി) | കൊടുവള്ളി മിനി സിവിൽ സ്റ്റേഷനിൽ സബ് രജിസ്ട്രാർ ഓഫീസ് മൂന്നാം നിലയിൽ പ്രവർത്തിക്കുന്നത് മൂലം ജനങ്ങൾ പ്രയാസപ്പെടുന്നുണ്ടെന്നത് കണക്കിലെടുത്ത് ടി ഓഫീസ് ഒന്നാം നിലയിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കൊടുവള്ളി ജനകീയ സമിതി നിവേദനം നല്കിയതിൻ പ്രകാരം ഇക്കാര്യത്തിൽ വിശദമായ റിപ്പോർട്ട് നൽകാൻ കോഴിക്കോട് ജില്ലാ കളക്ടർ പൊതുമരാമത്ത് ബിൽഡിങ്സ് വിഭാഗത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ